ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) അവരിൽ ൨൭ പേർക്ക് സാനിട്ടറി സർക്കിൾ ആഫീസറന്മാരായി ഉദ്യോഗക്കയറ്റം കൊടുത്തിട്ടുണ്ട്. ലിസ്റ്റിലെ ൨൭–ാമത്തെ പേരുകാരന്റെ ഉദ്യോഗം രാജിവയ്ക്കയാണുണ്ടായത്.

(സി) ഒഴിവുകൾ ഉണ്ടായിട്ടുള്ളപ്പോൾ ബാക്കിയുള്ള ഒൻപതുപേർക്ക് പ്രമോഷൻ കൊടുത്തിട്ടുണ്ട്. എന്നാൽ ഒഴിവുകൾ തീർന്നതോടെ അവരെ Revert ചെയ്യുകയുണ്ടായി.

(ഡി) ഉണ്ട്. ട്രൻസ്ഫർ-ൽ ഗവൺമെണ്ടു് അംഗീകരിച്ച ലീസ്റ്റിൽ ചേർക്കാതിരുന്നതും എന്നാൽ ചേർക്കേണ്ടതാണെന്നു ബോധ്യം വന്നതുമായ അഞ്ചു പേരുടെ പേരുകൾ 'Rank' അനുസരിച്ചു് ലിസ്റ്റിൽ ചേർക്കുന്നതിനു് ഉത്തരവുണ്ടായിട്ടുണ്ട്.

ഡീലിമിറ്റേഷൻ കമ്മിറ്റി

*൨൪. (൫൦) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഡീലിമിറ്റേഷൻ കമ്മിറ്റിക്കു ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) ആ നിർദ്ദേശമനുസരിച്ചു് കമ്മറ്റി പ്രവർത്തിച്ചോ;

(സി) ഡിലിമിറ്റേഷൻ കമ്മറ്റിയെ നിയമിച്ചതുസംബന്ധിച്ചു് നാളിതുവരെ ഗവൺമെണ്ടിനു എത്ര ചിലവായിട്ടുണ്ടു്;

(ഡി) ഈ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) നിവൃത്തിയുള്ളിടത്തോളം പ്രവർത്തിച്ചു.

(സി) ൫,൦൦൦ രൂപാ.

(ഡി) ഇപ്പോൾ നിലവിലില്ല.

ഉദ്യോഗസ്ഥന്മാർക്കു് നഗരബത്ത

*൨൫. (൬൭) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാർക്കു് നഗരബത്ത എന്ന പേരിൽ അലവൻസ് അനുവദിച്ചിട്ടുണ്ടോ;

(ബി) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ എതെങ്കിലും സ്ഥലത്തു് നഗരബത്ത കൊടുത്തിട്ടുണ്ടോ;

(സി) അതു് ഏതു തത്വത്തെ അടിസ്ഥാനമാക്കി കൊടുക്കുന്നു എന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഉണ്ടു്. താഴെ പറയുന്ന നഗരങ്ങളിൽ, ട്രൻസ്ഫർ-ൽ ജൂലായി മാസം തീയതിയിൽ നഗരബത്ത വാങ്ങിക്കൊണ്ടിരുന്ന മുൻകൊച്ചി ഉദ്യോഗസ്ഥന്മാർക്കു താല്ക്കാലികമായിട്ടു അനുവദിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം.
മട്ടാഞ്ചേരി.
ഗുരുവായൂർ.
തിരുവനന്തപുരം.

(സി) മുൻ കൊച്ചി, തിരുവിതാംകൂർ എന്നീ സംസ്ഥാനങ്ങളിൽ നിലവിലിരുന്ന ശമ്പളനിരക്കിലും, ക്ഷാമബത്ത നിരക്കിലും വ്യത്യാസമുള്ളതിനാൽ ശമ്പള ക്രമീകരണം നടപ്പിൽ വരുന്നതുവരെ ഇരുകൂട്ടരേയും, അതേനിരക്കിൽ തന്നെ ശമ്പളവും ബത്തയും വാങ്ങിക്കൊള്ളുവാൻ അനുവദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കുറിക്കുന്നു.

ശമ്പളനിരക്ക്

	തിരുവിതാംകൂർ	കൊച്ചി
ഗ്രേഡ്സ്ഥന്മാർ	൪൫—൭൫	൩൦—൭൫
	൫൦—൧൦൦	൫൦—൧൨൫
	൧൦൦—൧൨൫	൧൨൫—൧൫൦
	൧൨൫—൧൩൫	
സൂപ്രണ്ട്		
(സീക്രട്ടറിയേറ്റ്)	൧൭൫—൨൨൫	൧൫൦—൨൦൦
അസി. സെക്രട്ടറി	൨൭൫—൩൨൫	൨൦൦—൩൦൦
സെക്രട്ടറി	൪൫൦—൭൫൦	൪൫൦—൫൦൦

ക്ഷാമബത്ത നിരക്ക്

	രൂപ.	രൂപ. അണ.
൩൦ രൂപാ ശമ്പളത്തിനു്	൨൪	൨൦
൪൫ ,, ,,	൩൦	൨൨—൫— ൦
൧൦൦ ,, ,,	൩൦	൨൨—൫— ൦

മേൽകൊടുത്തിരിക്കുന്ന പട്ടികയിൻപ്രകാരം, ശമ്പളനിരക്കിലും, ക്ഷാമബത്ത നിരക്കിലും ഉള്ള വ്യത്യാസം മൂലം ശമ്പള ക്രമീകരണം നടപ്പിലാക്കുന്നതുവരെ ൧—൭—൧൫൴൪൴—ൽ നഗരബത്ത വാങ്ങിക്കൊണ്ടിരുന്ന മുൻ കൊച്ചി ഉദ്യോഗസ്ഥന്മാരുടെ പ്രസ്തുത ബത്ത നിറുത്തേണ്ട എന്നു ഗവർമ്മെണ്ടു് തീരുമാനിച്ചു.

പോലീസു് ഡിപ്പാർട്ട്മെൻറു് പരിഷ്കാരം

*൨൭. (൨൨) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) പോലീസു് ഡിപ്പാർട്ട്മെൻറിലെ പരിഷ്കാരത്തിൽ എ. എസ്സു്. പി. മുതൽ മകളിലോട്ടുള്ളവരുടെ ശമ്പളം പരിഷ്കരിക്കുകയൊ സ്കെയിൽ കൂട്ടുകയോ ചെയ്യാതിരുന്നതു് എന്തുകൊണ്ടാണെന്നു പറയുമോ;

(ബി) ഇപ്പോഴത്തെ പോലീസ് പരിഷ്കാരംകൊണ്ടു് ഗവർമ്മെണ്ടിനു് ലാഭമാണോ നഷ്ടമാണോ ഉണ്ടായിട്ടുള്ളതു്;

(സി) ഇപ്പോഴത്തെ പരിഷ്കാരം ആരുടെ നിർദ്ദേശമനുസരിച്ചാണു് നടത്തിയിട്ടുള്ളതെന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ നാരായണപിള്ള):

(എ) പ്രത്യേക കാരണം ഒന്നുമില്ല.

(ബി) പരിഷ്കരണം പൂർത്തിയായതിനുശേഷമെ പറയാൻ നിവൃത്തിയുള്ളു. എന്നാലും കൂടുതൽ ചിലവിനിടയുകമെന്നാണു് വിചാരിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly